പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6437 08.07.2014-ൽ മറുപടിക്ക്

## പുനലൂരിൽ നിന്നുള്ള ചെയിൻ സർവ്വീസ് ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയത് പിൻവലിക്കാൻ നടപടി

ചോദ്യം

ശ്രീ. രാജു എബ്രഹാം :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി വഴി പൊൻകുന്നത്തേക്കും മുണ്ടക്കയത്തേക്കും, കാഞ്ഞിരപ്പള്ളിക്കും എന്നാണ് കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് ആരംഭിച്ചത്; | (എ) | 10.04.2008 മുതലാണ് കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിലേക്ക് പുനലൂർ, പത്തംതിട്ട, പൊൻകുന്നം എന്നീ യൂണിറ്റുകളിൽ നിന്നും കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസ് ആരംഭിച്ചത്. |
| (ബി) | ഒരോ സെക്ടറിലേക്കും ഓരോ ഡിപ്പോയിൽ നിന്നും എത്ര വീതം ബസ്സുകളാണ് അനുവദിച്ചിരുന്നത്; | (ബി) | പുനലൂരിൽ നിന്നും 7 സർവ്വീസും പത്തനംതിട്ടയിൽ നിന്നും 6ഉം, പൊൻകുന്നത്ത് നിന്നും 7ഉം ചെയിൻ സർവ്വീസുകളാണ് നടത്തിയിരുന്നത്. |
| (സി) | ഈ ബസുകൾക്ക് ശരാശരി എത്ര രൂപയാണ് മാസവരുമാനം ലഭിച്ചിരുന്നത്; | (സി) | ഒരു സർവ്വീസിന് പ്രതിമാസം ശരാശരി 1,35,450/- രൂപയാണ് ലഭിച്ചിരുന്നത്. |
| (ഡി) | എന്നുമുതലാണ് ഈ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകളാക്കിയതെന്നും ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരത്തിലൊരു തീരുമാനം എടുത്തതെന്നും അറിയിക്കാമോ; | (ഡി) | കെ.എസ്.ആർ.ടി.സി എക്സിക്യൂട്ടീവ് ഡയറക്ടർ(ഓപ്പറേഷൻസ്)-ന്റെ നിർദ്ദേശപ്രകാരം 10.12.2012 മുതൽ ടൗൺ ടു ടൗൺ സർവ്വീസുകളാക്കി മാറ്റുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഇ) | ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയപ്പോൾ സർവ്വീസിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ; | (ഇ) | ദീർഘദൂര യാത്രക്കാരുടെയും, സ്ഥിരം യാത്രക്കാരുടെയും സർക്കാർ / സ്വകാര്യ മേഖലയിലെ ജീവനക്കാരുടെയും അപേക്ഷ കണക്കിലെടുത്താണ് ഈ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകളായി മാറ്റിയത്. ടൗൺ ടു ടൗൺ ആയി മാറ്റിയതിനു ശേഷം പ്രാധാന്യമില്ലാത്തതും ചെറിയതുമായ സ്റ്റോപ്പുകൾ ഒഴിവാക്കി പ്രധാനപ്പെട്ട സ്റ്റോപ്പുകളിൽ നിന്നും യാത്രക്കാരെ കയറ്റിയും ഇറക്കിയുമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. |
| (എഫ്) | ടൗൺ ടു ടൗൺ സർവ്വീസ് ആക്കിയതിനുശേഷം നിലവിൽ എത്ര ബസ്സുകളാണ് ഇതിനായി വിവിധ ഡിപ്പോകളിൽ നിന്നും സർവ്വീസ് നടത്തുന്നത്; ഇവയുടെ ഇപ്പോഴത്തെ ശരാശരി മാസവരുമാനം എത്രയാണ്; | (എഫ്) | പുനലൂരിൽ നിന്നും 7 സർവ്വീസും, പത്തനംതിട്ടയിൽ നിന്നും 6ഉം, പൊൻകുന്നത്ത് നിന്നും 7ഉം ടൗൺ ടു ടൗൺ സർവ്വീസുകളായി നടത്തി വരുന്നു. ഇപ്പോൾ പ്രതിമാസം ശരാശരി ഒരു സർവ്വീസിന് 2,40,000/- രൂപ വരുമാനമായി ലഭിക്കുന്നുണ്ട്. |
| (ജി) | ചെയിൻ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകൾ ആക്കിയതു വഴിയും സ്റ്റോപ്പുകളുടെ എണ്ണം കുറച്ചതുമൂലവും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതും ദിവസ വരുമാനത്തിൽ കുറവുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ദീർഘദൂര യാത്രക്കാരുടെയും സ്ഥിരം യാത്രക്കാരുടെയും സർക്കാർ / സ്വകാര്യ മേഖല ജീവനക്കാരുടെയും ആവശ്യം കണക്കിലെടുത്താണ് ഈ സർവ്വീസുകൾ ടൗൺ ടു ടൗൺ സർവ്വീസുകളായി മാറ്റിയത്. ടൗൺ ടു ടൗൺ സർവ്വീസുകളായി മാറ്റിയപ്പോൾ പ്രാധാന്യമില്ലാത്ത സ്റ്റോപ്പുകൾ ഒഴിവാക്കിയെങ്കിലും ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.യും സ്വകാര്യ ബസ്സുകളും ആവശ്യത്തിന് ഓർഡിനറി സർവ്വീസ് നടത്തുന്നതിനാൽ യാത്രക്കാർക്ക് കാര്യമായ ബുദ്ധിമുട്ടുള്ളതായി കരുതുന്നില്ല. മാത്രമല്ല ടൗൺ ടു ടൗൺ സർവ്വീസുകളായി മാറ്റിയതോടെ ഇതിൽ നിന്നുള്ള വരുമാനത്തിൽ കാര്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എച്ച്) | ഇതു പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി ടൗൺ ടു ടൗൺ സർവ്വീസുകൾ പഴയപടി ചെയിൻ സർവ്വീസുകൾ ആക്കാൻ നടപടി സ്വീകരിക്കുമോ? | (എച്ച്) | ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കാൻ കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നില്ല. മാത്രമല്ല ഇപ്പോൾ മതിയായ വരുമാനം ലഭിക്കുന്നതിനാൽ തിരികെ പഴയ രീതിയിൽ ചെയിൻ സർവ്വീസാക്കി മാറ്റുവാനും ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ